# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -23 25.04.2017 ൽ മറുപടിയ്ക്ക്

## നടപടിക്രമങ്ങൾ പാലിക്കാതെ രജിസ്റ്റർ ചെയ്യുന്ന കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | നടപടിക്രമങ്ങൾ പാലിക്കാതെ കേസുകൾ രജിസ്റ്റർ ചെയ്യരുതെന്ന് ഹൈക്കോടതിവിധിയും പോലീസ് മേധാവിയുടെ നിർദ്ദേശവും നിലവിലുണ്ടോ; | (എ) | ഉണ്ട്. 06/08/2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്ന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 452-ാം വകുപ്പ് ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ 05/01/2017-ാം തീയതി സംസ്ഥാന പോലീസ് മേധാവി സർക്കുലർ നം.01/2017 പ്രകാരം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന എഴുപത് ശതമാനം കേസുകളിലും അറസ്റ്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പോലീസിന് വീഴ്ച പറ്റുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അറസ്റ്റ് കേസന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഒരു ഭാഗം മാത്രമാണ്. സുപ്രീം കോടതിയും സർക്കാരും കാലാകാലങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പ്രകാരമാണ് അറസ്റ്റ് എന്ന നടപടി ക്രമം നടപ്പിലാക്കുന്നത്. കേസന്വേഷണത്തിൽ ആവശ്യമാണെന്ന് കാണുന്ന പക്ഷം മാത്രമേ അറസ്റ്റ് നടത്തേണ്ടതുള്ളൂ. അറസ്റ്റുമായി ബന്ധപ്പെട്ട നിയമവശങ്ങളും നടപടിക്രമങ്ങളും കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥർക്ക് വ്യക്തമായി ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരം കേസുകൾ കോടതിയിൽ ചോദ്യം ചെയ്യുമ്പോൾ പോലീസ് പ്രതിസ്ഥാനത്താവുന്നതും കേസുകൾ കോടതിയിൽ തള്ളിപ്പോവുന്നതുമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ? | (സി) | റിവിഷൻ പെറ്റീഷൻ അഥവാ അപ്പീൽ മുഖാന്തിരം കോടതി വിധി ചോദ്യം ചെയ്യാത്തിടത്തോളം കാലം, ബന്ധപ്പെട്ട ബഹുമാനപ്പെട്ട കോടതി പ്രസ്താവിക്കുന്ന ഏത് വിധിയും നടപ്പാക്കാൻ പോലീസ് ബാധ്യസ്ഥമാണ്. മനഃപൂർവ്വമോ, |

ദുരുദ്ദേശ്യപരമോ ആയ ഏതെങ്കിലും രീതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ അറസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ അവർ കോടതി നൽകുന്ന ഏത് ശിക്ഷയും അനുഭവിക്കാൻ ബാധ്യസ്ഥരുമാണ്.

സെക്ഷൻ ഓഫീസർ.